# നട്ടു, 'മിയാവാക്കി' വനം കനകക്കുന്നിലും

പി. സജികുമാർ
JANUARY 04, 2019 11:40 PM IST

തിരുവനന്തപുരം● ജപ്പാനിലെ ലോകപ്രശസ്തനായ ബൊട്ടാണിസ്റ്റ് 'അക്കിര മിയാവാക്കി' യുടെ 'മിയാവാക്കി വനം' കനകക്കുന്ന് സൂര്യകാന്തിയിലും വേരുപിടിക്കുന്നു. ഒരു തുണ്ട് തരിശു ഭൂമി പോലും മാസങ്ങൾ കൊണ്ടു സ്വാഭാവിക വനമാകുന്ന അത്ഭുതവിദ്യയാണു മിയാവാക്കി.. മൂന്നു വർഷം കൊണ്ടു മരങ്ങൾക്ക് 30 അടി ഉയരം, 20 വർഷം കൊണ്ട് 100 വർഷം പഴക്കമുള്ള വനത്തിന്റെ രൂപം. അതാണു മാജിക്. ലോകമെമ്പാടും പ്രചാരത്തിലാ ഈ നവീനരീതിയിൽ ഇന്ത്യയിലും ഒട്ടേറെ ചെറുവനങ്ങൾ ഉയർന്നതിന്റെ തുടർച്ചയാണ് കനക്കുന്നിലും.

'ഇൻവിസ് മൾട്ടിമീഡിയ ' മാനേജിങ് ഡയറക്ടർ എം.ആർ.ഹരി പുളിയറക്കോണം മൂന്നാംമൂട്ടിൽ മൂന്നു സെന്റിൽ മിയാവാക്കി വനം ഒരുക്കിയത് മനോരമ മുൻപ് വാർത്തയാക്കിയിരുന്നു. പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻസിലെ സസ്യശാസ്ത്രജ്ഞൻ ഡോ.മാത്യു ഡാനും ഫാം കൺസൽട്ടന്റ് ചെറിയാൻ മാത്യുവുമായിരുന്നു പുളയറക്കോണത്തെ വനംനിർമിതിയിൽ സഹായിച്ചത്.

ഇതിന്റെ ചുവടു പിടിച്ച് അതേ ഇൻവിസ് മൾട്ടി മീഡിയ കമ്പനി സോഷ്യൽ റെസ്പോൺസിബിലിറ്റി ( സിഎസ്ആർ)പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സൂര്യകാന്തിയിൽ വന നിർമാണത്തിന് തയ്യാറായത്. ഒന്നര മീറ്ററോളം ആഴത്തിൽ കുഴിയെടുത്ത് അതിൽ ജൈവമാലിന്യങ്ങൾ നിറച്ച അടിസ്ഥാനമാണ് വനത്തിന് വേരോടാൻ ഒരുക്കിയിത്. അതിനു മുകളിലായാണ് ചകിരിച്ചോറും ചാണകപ്പൊടിയും ഉമിയും മണ്ണും നിറച്ച മിശ്രിതം രണ്ടടിയോളം കനത്തിൽ നിരത്തുന്നത്.

ഏതു ചെടിക്കും കണ്ടാൽ ഒന്ന് വളരാൻ തോന്നുന്ന ഫലപുഷ്ടിയാണ് മണ്ണിന്. ഇതിലേക്കാണ്. ഗ്രോബാഗിൽ വളർത്തിയ തൈകൾ മാറ്റി നട്ടത്. പലതരം മരക്കുഞ്ഞുങ്ങൾ. എല്ലാം നാടൻ . ഒരു ചതുരശ്ര മീറ്ററിൽ നാലു തൈകൾ എന്ന കണക്കിൽ ഒരു സെന്റിൽ ഏതാണ്ട് 162 ചെടി. ഈർപ്പം പുറത്തുപോകാതെ വൈക്കോൽപ്പുതപ്പ്. ചുറ്റും ചെറുമതിൽ കെട്ടി അതിനു മുകളിൽ കമ്പിവല പടർത്തിയാണ് മിയാവാക്കിക്കു സുരക്ഷ ഒരുക്കിയിട്ടുള്ളത്.

കുറച്ചുകാലം കഴിഞ്ഞാൽ ആളിന് ഉള്ളിൽ കടക്കാൻ പറ്റാത്ത മട്ടിൽ ഇടതിങ്ങി 'വനമതിൽ' വളരുമെന്നാണ് പ്രതീക്ഷ.അതിനായി ചാണകം വാരിയും മണ്ണു കോരിയും വൈക്കോൽ വിതറിയും വനമൊരുക്കിയത് 'ഇൻവിസി'ന്റെ ഉദ്യോഗസ്ഥർ തന്നെ അടുപ്പിച്ചു നട്ടാൽ സൂര്യപ്രകാശം കിട്ടാതെ ചെടികൾ നശിക്കുമെന്ന പരമ്പരാഗത കൃഷിയറിവിന്റെ പാഠഭേദമാണ് മിയാവാക്കി.

സൂര്യപ്രകാശത്തിനായി പരസ്പരം മൽസരിച്ചു ചെടികൾ വേഗത്തിൽ വളരുമെന്ന തത്വം. ഇനി കനക്കുന്നിൽ ഈ വനവളർച്ച നേരിട്ടുകാണാം സഞ്ചാരികൾക്ക്. നേച്ചേഴ്സ് ഗ്രീൻ എന്ന സംഘടനയുടെ കൂടി പിന്തുണയോടെയാണ് ഇൻവിസ് വനം ഒരുക്കുന്നത്. അഞ്ചു സെന്റ് സ്ഥലത്ത് എണ്ണൂറോളം ചെടികളാണ് നട്ടിട്ടുള്ളത്. മാവ്, പ്ളാവ്, പേര, അത്തി, ഇത്തി, അരയാൽ, നീർമാതളം തുടങ്ങിയ നാടൻ മരങ്ങളാണ് എല്ലാം.